# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.34 — 13.01.2021-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. എൽദോ എബ്രഹാം

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പമന്ത്രി

**ലോക്ക് ഡൗൺ മൂലമുള്ള സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | കോവിഡ് മൂലം ഒന്നര മാസം സമ്പൂർണ്ണ ലോക്ക് ഡൗൺ ഏർപ്പെടുത്തിയതും തുടർന്നുള്ള നിയന്ത്രണങ്ങളും സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ള സാമ്പത്തിക പ്രതിസന്ധി ഏതൊക്കെ തരത്തിലെന്ന് വിശദമാക്കുമോ; | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്.<br><br>കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനു ശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര |

| | | |
|---|---|---|
| | | സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉൽപാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. |
| (ബി) | ടൂറിസം, ഹോട്ടൽ, കെട്ടിട നിർമ്മാണം, വിനോദ വ്യവസായം, യാത്രകൾ, തീർത്ഥാടനങ്ങൾ തുടങ്ങിയ ഒട്ടുമിക്ക സേവന മേഖലകളും നിശ്ചലമായത് സംസ്ഥാന വരുമാനത്തിൽ എത്ര വലിയ ഇടിവാണ് ഉണ്ടാക്കിയിട്ടുള്ള തെന്നറിയിക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം, 2020 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 52057 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.04% ന്റെയും, നികുതിയേതര വരുമാനത്തിൽ 65.55% ന്റെയും, കേന്ദ്ര നികുതി വിഹിതത്തിൽ 38.49% ന്റെയും ഇടിവ് ഉണ്ടായിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റിനത്തിൽ നൽകിയ ഇടക്കാല വിഹിതമാണ് വരുമാനത്തിലെ ആശ്വാസം. ധനക്കമ്മീഷൻ അവാർഡിൽ കേരളത്തിന്റെ നികുതി വിഹിതം കുറഞ്ഞ പശ്ചാത്തലത്തിൽ വലിയ സമ്മർദ്ദം ഉയർത്തിയാണ് ആർ.ഡി.ഗ്രാന്റ് നാം വാങ്ങിയെടുത്തത്. |
| (സി) | ഈ സേവന മേഖലകളിലെല്ലാം ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ സംസ്ഥാനത്തിനും അതിലുപരി സാമൂഹികജീവിതത്തിലും കുടുംബങ്ങളിലും ഏതൊക്കെ തരത്തിലുള്ള പ്രതിസന്ധിയാണ് സൃഷ്ടിച്ചതെന്നറിയിക്കുമോ; | കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് ലോക്ക്ഡൗൺ കാലയളവിൽ ആകെ തൊഴിൽ നഷ്ടപ്പെട്ട വ്യക്തി ദിനങ്ങൾ (രജിസ്റ്റർ ചെയ്തവർ, രജിസ്റ്റർ ചെയ്യാത്തവർ, തോട്ടം മേഖലയിൽ ജോലി ചെയ്യുന്നവർ) 213 ദശലക്ഷമാണ്. (ക്ഷേമ ബോർഡുകളിലും തൊഴിൽ സംഘടനകളിലും 211.2 ദശലക്ഷം, തോട്ടം മേഖലയിൽ 1.82 ദശലക്ഷം). 10.2 ദശലക്ഷം തൊഴിലാളികളുടെ മൊത്തം വേതന |

| | | |
|---|---|---|
| | | വരുമാന നഷ്ടം പ്രതീക്ഷിക്കുന്നത് 12976.9 കോടി രൂപയാണ്. (തോട്ടം മേഖല ഉൾപ്പെടെ). വൻതോതിലുള്ള തൊഴിൽ നഷ്ടം സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഗുരുതര പ്രത്യാഘാതം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഇത് വ്യക്തികളുടെ കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും ആശങ്കാജനകമായ അനുരണനങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. |
| (ഡി) | ഗൾഫിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും പ്രവാസികൾ കൂട്ടത്തോടെ മടങ്ങിവരുന്നതിനാൽ സംസ്ഥാന വരുമാനത്തിൽ ആയത് പ്രതിഫലിക്കുമോ; വിശദമാക്കുമോ? | കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് 2019-20 -ൽ സംസ്ഥാനത്തേയ്ക്ക് സ്വകാര്യ രസീതുകളിലൂടെ പ്രതിമാസം അയച്ച ശരാശരി തുക 8023 കോടി രൂപയാണ്. അംഗീകൃത വിദേശനാണ്യ വ്യാപാരികളിൽ നിന്ന് ശേഖരിച്ച വിവരമനുസരിച്ച് ജനുവരി മുതൽ ഫെബ്രുവരി വരെ സ്വകാര്യ കൈമാറ്റത്തിൽ 28.19 ശതമാനം കുറവുണ്ടാകും, അഥവാ 2261.68 കോടി രൂപയുടേത്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിൽ 138.29 കോടി രൂപ കുറവുണ്ടായിട്ടുണ്ട്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ സംസ്ഥാനത്തേയ്ക്ക് അയച്ച നിക്ഷേപത്തിൽ ആകെ 2399.97 കോടി രൂപ കുറവുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രവാസിപ്പണവരവിലെ കുറവ് മേൽ വിവരിച്ചതിനേക്കാൾ കൂടുതലായിരിക്കും. പ്രവാസിപ്പണവരവിലെ ഇടിവ് സംസ്ഥാന വരുമാനത്തിൽ പ്രതിഫലിക്കും. |

**സെക്ഷൻ ഓഫീസർ**